# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3329 — 29-01-2014 ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ നെല്ല് ഉത്പാദനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ നെല്ലുത്പാദനത്തിലുള്ള പുരോഗതി സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ നെല്ല് ഉത്പാദനത്തിലുണ്ടായ വർദ്ധനവ്/ കുറവ് എന്നിവ സംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2011-2012 വർഷത്തിൽ വിരിപ്പ്, മുണ്ടകൻ സീസണുകളിൽ നെല്ല് ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 2012-2013 വർഷത്തിൽ വരൾച്ച കാരണം എല്ലാ താലൂക്കുകളിലും ഉല്പാദനത്തിൽ കുറവ് വന്നിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (സി) | നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പാലക്കാട് ജില്ലയിൽ കൃഷിവകുപ്പിലൂടെ വിവിധ സംസ്ഥാന പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും നെൽകൃഷി വികസനത്തിനായി നടപ്പിലാക്കി വരുന്നു. സുസ്ഥിര നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതിയിൽ നെൽകൃഷി ഉല്പാദന വർദ്ധനവിന് ഉതകുന്ന വിധത്തിൽ ഉല്പാദനോപാധികളും കൂലിച്ചെലവിനുമായി സഹായധനം അനുവദിക്കുന്നു. രണ്ടു വിളകൾക്കുമായി ഏകദേശം 72000 ഹെക്ടറിന് മുകളിൽ ഈ ധനസഹായം ലഭിക്കുന്നു. കൂടാതെ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം ഉല്പാദനോപാധികൾക്കും കാർഷികപണിയായുധങ്ങൾക്കും യന്ത്രങ്ങൾക്കും സഹായം നൽകി വരുന്നു. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാടശേഖര |

സമിതികൾക്ക് ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ നടീൽ യന്ത്രങ്ങൾ സൗജന്യമായി നൽകുകയുണ്ടായി. ജനകീയാസൂത്രണ പദ്ധതിയിൽ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ചെറുകിട പരിമിത കർഷകർക്ക് ഏകദേശം 3200 ഹെക്ടർ സ്ഥലത്തേക്ക് വർഷത്തിലൊരിക്കൽ ഉഴവുകൂലി 2500 രൂപ/ഹെക്ടർ എന്നത് ഇപ്പോൾ വർദ്ധിച്ച നിരക്കിലുള്ള 4500 രൂപ/ഹെക്ടർ എന്ന തോതിൽ 5 വർഷമായി തുടർച്ചയായി നൽകിവരുന്നു. പാലക്കാട് ജില്ലയിൽ 52 പഞ്ചായത്തുകളിലും തൊഴിൽ സേനകൾ രൂപവൽക്കരിച്ചിട്ടുണ്ട്. ഈ തൊഴിൽ സേനകൾക്ക് ജനകീയാസൂത്രണ പദ്ധതിയിലും സംസ്ഥാനാവിഷ്കൃത പദ്ധതിയിലുമായി കാർഷികയന്ത്രങ്ങൾ നൽകുകയും കൃഷി വിജ്ഞാൻ, കേന്ദ്ര കാർഷിക എഞ്ചിനീയറിംഗ് വിഭാഗം എന്നീ ഏജൻസികളിലൂടെ പരിശീലനവും നൽകി വരുന്നു. പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നെൽകൃഷി വികസന ഏജൻസിയിലൂടേയും ആർ.ഐ.ഡി.എഫ് മുഖാന്തിരമുള്ള മറ്റ് പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഗുണമേന്മയേറിയ വിത്തുകൾ ഉല്പാദിപ്പിച്ച് കെ.എസ്.എസ്.ഡി.എ യ്ക്ക് നൽകുന്നതിനായി പാലക്കാട് ജില്ലയിലെ കർഷകർ വർഷം തോറും 1500 ഹെക്ടറിലധികം സ്ഥലത്ത് വിത്തുല്പാദന പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

വിരിപ്പ നെൽകൃഷിയുടെ വിളവിന്റെ വിവരം

| താലൂക്ക് | 2011-2012(മെ.ടൺ) | 2012-2013(മെ.ടൺ) | 2013-2014(മെ.ടൺ) |
|---|---|---|---|
| ആലത്തൂർ | 28373 | 22244 | 28021 |
| ചിറ്റൂർ | 36047 | 25551 | 34704 |
| പാലക്കാട് | 21578 | 16816 | 22145 |
| ഒറ്റപ്പാലം | 1581 | 698 | 1088 |
| ആകെ | 87579 | 65309 | 85958 |

മുണ്ടകൻ കൃഷിയുടെ വിളവിന്റെ വിവരം

| ബ്ലോക്ക് | 2011-2012(മെ.ടൺ) | 2012-2013(മെ.ടൺ) |
|---|---|---|
| ആലത്തൂർ | 41865 | 10801 |
| ചിറ്റൂർ | 47440 | 11586 |
| പാലക്കാട് | 31980 | 8759 |
| ഒറ്റപ്പാലം | 10908 | 4306 |
| മണ്ണാർക്കാട് | 292 | 237 |
| ആകെ | 132485 | 35689 |

സെക്ഷൻ ഓഫീസർ